# 73. പുലി! പുലി!

1985 ഡിസംബർ അവസാനവാരത്തിൽ ബോംബെയിൽ നടന്ന കോൺഗ്രസ് ശതാബ്ദിആഘോഷങ്ങൾക്കുശേഷം, ഏതാനുംദിവസത്തെ സ്വൈരവിശ്രമത്തിനായി പ്രധാനമന്ത്രി രാജീവ്ഗാന്ധിയും കുടുംബവും പോയതു് രാജസ്ഥാനിലെ രണഥംഭോർ ദേശീയോദ്യാന(നാഷണൽ പാർക്ക്)ത്തിലേക്കായിരുന്നു.

ദൽഹിക്കടുത്തു് തുടങ്ങി, ഗുജറാത്തിലെ മൗണ്ട് ആബുവരെ നീണ്ടുകിടക്കുന്ന അരാവലി കുന്നുകൾ വിന്ധ്യപർവതവുമായി കൂട്ടിമുട്ടുന്ന സ്ഥലത്തു് രാജസ്ഥാനിലെ ബനാസ്, മദ്ധ്യപ്രദേശിലെ ചംബൽ എന്നീ നദികളുടെ താഴ്‌വരകളിൽ, ഉള്ള ഒരു വന്യമൃഗസങ്കേതമാണ് 'രണഥംഭോർ ദേശീയോദ്യാനം.' സാംഭർ, നീൽഗായ്, പുള്ളിമാൻ മുതലായ മാൻ ഇനങ്ങളും പന്നികളും, മുള്ളൻപന്നികളും മററു പലതരം ചെറുമൃഗങ്ങളും നൂററമ്പതോളം ഇനങ്ങളിൽപ്പെട്ട പക്ഷികളും ഉള്ളതെങ്കിലും, പുലികൾക്കു് (കടുവകൾക്കു്) പ്രത്യേകം സംരക്ഷണം നൽകുന്നു എന്നതാണ് രണഥംഭോർ വന്യമൃഗസങ്കേതത്തിന്റെ പ്രാധാന്യം. മനുഷ്യരുടെ ആക്രമണത്തിന്റെ ഫലമായി നിബിഡത നഷ്ടപ്പെട്ട ഇവിടത്തെ വനങ്ങളിൽ ഇപ്പോൾ നാല്പത്തൊന്നു (നാല്പത്തിനാലു് എന്നു് മറെറാരു പക്ഷം) പുലികൾ ഉണ്ടത്രേ.

ചൗഹാൻവംശത്തിൽപ്പെട്ട രാജപുത്രരാജാക്കന്മാർ പണിയിച്ച രണഥംഭോർ കോട്ട ഈ വനത്തിലാണ്. അധൃഷ്യമെന്നു കേൾവികേട്ട ഈ കോട്ടയുടെ ആധിപത്യത്തിനുവേണ്ടി മുഗളരും രാജപുത്രരും തമ്മിൽ പല യുദ്ധങ്ങൾ നടന്നിട്ടുണ്ട്. കോട്ടയ്ക്കു വെളിയിൽ ജയപ്പൂർ രാജാക്കന്മാർ നായാട്ടുതാവളമായി നിർമിച്ച 'ജോഗിമഹൽ' എന്ന കെട്ടിടത്തിലായിരുന്നു രാജീവ്ഗാന്ധി വിശ്രമിച്ചതു്. വിദ്യുച്ഛക്തി ഇനിയും ഈ കെട്ടിടത്തിൽ എത്തിയിട്ടില്ല.

തലസ്ഥാനനഗരത്തിലെ ഇരുകാലികളായ നരഭോജികളേക്കാൾ വിശ്വസിക്കാവുന്നതു് വനത്തിലെ നാല്ക്കാലികളായ നരഭോജികളെയാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടായിരിക്കുമോ പ്രധാനമന്ത്രി വിശ്രമത്തിനു് ഈ വ്യാഘ്രവനം തിരഞ്ഞെടുത്തതു്.

ഇന്ത്യയിൽ ഇപ്പോൾ ഉള്ള എഴുപതുകോടിയോളം ഇരുകാലികളിൽ 'നരഭോജികൾ' എന്നു വിശേഷിപ്പിക്കാവുന്നവർ എത്രയുണ്ട്? അതിനെപ്പററി ആരും ഒന്നും പറഞ്ഞുകേട്ടിട്ടില്ല. എന്നാൽ, നാല്ക്കാലികളായ നരഭോജികളെപ്പററി കൃത്യമായ കണക്കുകളുണ്ട്. ഏററവും അവസാനം കിട്ടിയ കണക്കനുസരിച്ചു്, ഇന്ത്യയിൽ ഇപ്പോൾ ആകെയുള്ളതു് നാലായിരത്തഞ്ചു് പുലികൾ ആണ്. ഈ രാജ്യത്തു് ആകെ അമ്പത്തിമൂന്നു നാഷണൽ പാർക്കുകളും ഇരുനൂററിനാല്പത്തേഴ് വന്യമൃഗസങ്കേതങ്ങളും (സാംക്ച്വറി) ഉണ്ട്. ഇവയിൽ ഇരുപത്തിനാലു നാഷണൽ പാർക്കുകളിലും തൊണ്ണൂററിരണ്ടു് വന്യമൃഗസങ്കേതങ്ങളിലുമായാണ് ഇത്രയും പുലികൾ ജീവിച്ചുവരുന്നതു്. അവയെ വേട്ടയാടുന്നതു കർശനമായി നിരോധിച്ചിരിക്കുന്നു.

വംശനാശഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്ന പല മൃഗജാതികളിൽ ഒന്നായിരുന്നു പുലി. 1972–ൽ ഇന്ത്യയിലാകെ ആയിരത്തെണ്ണൂററി എഴുപത്തിരണ്ടു പുലികളേ ഉണ്ടായിരുന്നുള്ളു. രാജകീയ ഗാംഭീര്യമുള്ള ഈ വിശിഷ്ടജീവികൾ ഏതാനും വർഷങ്ങൾക്കകം തികച്ചും അപ്രത്യക്ഷ

രാകുമെന്ന ഭയംമൂലമാണ് പതിനൊന്നു സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി പതിനഞ്ചു് 'വ്യാഘ്രവന'ങ്ങൾ 1973-ൽ തുടങ്ങിയ 'ടൈഗർ പ്രോജക്റ്റി'ന്റെ കീഴിൽ സ്ഥാപിക്കപ്പെട്ടതു്. 'വ്യാഘ്രവന'ങ്ങൾക്കു വേണ്ടിവരുന്ന ചെലവിൽ പകുതി കേന്ദ്രഗവണ്മെൻറും പകുതി സംസ്ഥാനഗവണ്മെൻറും വഹിക്കുന്നു. ഇനിയങ്ങോട്ടു് ഇവയ്ക്കു വേണ്ടി വരുന്ന ആവർത്തനസ്വഭാവമില്ലാത്ത ചെലവുകൾ മുഴുവൻ വഹിക്കാൻ കേന്ദ്രഗവണ്മെൻറ് തയ്യാറായിട്ടുണ്ടു്.

കേരളത്തിലെ ഒരേ ഒരു വ്യാഘ്രവനമാണ് പെരിയാർ ദേശീയോദ്യാനം. ഇവിടെ നാല്പത്തിനാലു പുലികൾ ഇപ്പോൾ ഉണ്ടത്രേ. പുലികളുടെ സംഖ്യ ഏററവുമധികമുള്ളതു് പടിഞ്ഞാറേ ബംഗാളിൽ, ഗംഗാനദി കടലിൽ വീഴുന്നതിനടുത്തുള്ള 'സുന്ദരവന'ത്തിലാണു്. ഇവിടെ ഇരുനൂററുപത്തിനാലു പുലികളുണ്ടു്. കാടുകളിൽ അനധികൃതമായി കൈയേററംനടത്തുന്ന മനുഷ്യരെ ഇവ തിന്നുതുടങ്ങിയിട്ടുണ്ടത്രേ. അങ്ങനെ സുന്ദരവനത്തിലെ നാല്ക്കാലിനരഭോജികൾ ഇരുക്കാലികൾക്കു് ഒരു പ്രശ്നമായിക്കഴിഞ്ഞിരിക്കുന്നു.

അസമിലെ 'മാനസ്' വന്യമൃഗസങ്കേതത്തിൽ നൂററിയിരുപത്തിമൂന്നു പുലികളാണുള്ളതു്. പുലിസംഖ്യയിൽ അടുത്ത സ്ഥാനം മദ്ധ്യപ്രദേശത്തിലെ 'കാൻഹ' ദേശീയോദ്യാനത്തിനാണു്. അവിടെ നൂറെറാമ്പതു പുലികളുണ്ടു്.

ഉത്തരപ്രദേശിലെ കോർബററ് ദേശീയോദ്യാനം (തൊണ്ണൂറെറാമ്പതു പുലികൾ), മഹാരാഷ്ട്രത്തിലെ മേൽഘാട്ട് വന്യമൃഗസങ്കേതം (എൺപതു പുലികൾ), ഒറീസ്സയിലെ സിംലിപാൽ ദേശീയോദ്യാനം (എഴുപത്തൊന്നു പുലികൾ), ആന്ധ്രപ്രദേശത്തിലെ നാഗാർജ്ജുനസാഗർ വന്യമൃഗസങ്കേതം (അറുപത്തഞ്ചു പുലികൾ), ബിഹാറിലെ പലാമൗ വന്യമൃഗസങ്കേതം (അറുപത്തിരണ്ടു പുലികൾ), കർണ്ണാടകത്തിലെ ബണ്ടിപ്പൂർ ദേശീയോദ്യാനം (അമ്പത്തിമൂന്നു പുലികൾ), അരുണാചലപ്രദേശിലെ നാംദഫാ ദേശീയോദ്യാനം (നാല്പത്തിമൂന്നു പുലികൾ), രാജസ്ഥാനിലെ രണഥംഭോർ ദേശീയോദ്യാനം (നാല്പത്തൊന്നു പുലികൾ), മദ്ധ്യപ്രദേശിലെ ഇന്ദ്രാവതി ദേശീയോദ്യാനം (മുപ്പത്തെട്ടു പുലികൾ), രാജസ്ഥാനിലെ സരിസ്കാ വന്യമൃഗസങ്കേതം (ഇരുപത്താറു പുലികൾ), പടിഞ്ഞാറേ ബംഗാളിലെ ബക്സ് വന്യമൃഗസങ്കേതം (പതിനഞ്ചു പുലികൾ) ഇവയാണ് മററ് വ്യാഘ്രവനങ്ങൾ.

ഇന്ത്യയിൽ, ശേഷിച്ച രണ്ടായിരത്തി എണ്ണൂററിഎൺപത്തിനാലു് പുലികൾ മററു ദേശീയോദ്യാനങ്ങളിലും വന്യമൃഗസങ്കേതങ്ങളിലുമാണു്. ഈ ദേശീയോദ്യാനങ്ങളെയും വന്യമൃഗസങ്കേതങ്ങളെയും വ്യാഘ്രവനങ്ങളായി പ്രഖ്യാപിച്ചിട്ടില്ല.

ഏററവുമധികം പുലികളുള്ള ഇന്ത്യൻ സംസ്ഥാനം മദ്ധ്യപ്രദേശമാകുന്നു. അവിടെ മുപ്പത്തൊന്നു വന്യമൃഗസങ്കേതങ്ങളിലായി എഴുനൂറെറൺപത്താറു പുലികളുണ്ടു്. അറുനൂററിത്തൊണ്ണൂറെറട്ടു പുലികളുള്ള ഉത്തർപ്രദേശ് ആണ് രണ്ടാം സ്ഥാനത്തു്. അസമിൽ മുന്നൂറെറഴുപത്താറും, ബംഗാളിൽ മുന്നൂററമ്പത്തിരണ്ടും, മഹാരാഷ്ട്രത്തിൽ മുന്നൂറെറാന്നും, അരുണാചലപ്രദേശത്തിൽ ഇരുനൂററിപ്പത്തൊമ്പതും, കർണ്ണാടകത്തിലും ഒറീസ്സയിലും ഇരുനൂററിരണ്ടുവീതവും ആന്ധ്രപ്രദേശിൽ നൂററുപത്തിനാലും, ബിഹാററിൽ നൂററിമുപ്പത്തെട്ടും, മേഘാലയത്തിൽ നൂററിയിരുപത്തഞ്ചും, നാഗാലാൻഡിൽ നൂററിനാലും, തമിഴ്നാട്ടിൽ തൊണ്ണൂറേറഴും, രാജസ്ഥാനിൽ തൊണ്ണൂററാറും, കേരളത്തിൽ എൺപത്തൊമ്പതും, പുലികളാണത്രേ ഉള്ളതു്. ഗുജറാത്ത്, ത്രിപുര, സിക്കിം, ഹരിയാന എന്നീ

സ്റ്റേററുകളിലും മണിപ്പൂരിലും ഉണ്ട്. ഏതാനും പുലികൾ. മൃഗശാലകളിലെ പുലികളും സർക്കസ്സുപുലികളും ഇവയ്ക്കു പുറമേയാണ്.

ജന്തുശാസ്ത്രത്തിലെ ഒരു യാദൃച്ഛിക പ്രതിഭാസമാണ് വെള്ളപ്പുലി. കാടുകളിൽ ഇത്തരം പുലികൾ ഇപ്പോൾ ഉള്ളതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ, ഇന്ത്യയിലെ മൃഗശാലകളിൽ ഇപ്പോൾ ഇരുപത്തിനാലു വെള്ളപ്പുലികളുണ്ട്. വെള്ളപ്പുലികളെ ഇണചേർത്തു വളർത്തി അവയുടെ ഒരു വംശം സ്ഥാപിക്കാൻ മുൻനിന്നു പ്രവർത്തിച്ചതു് പഴയ രേവാനാട്ടു രാജ്യത്തിലെ മഹാരാജാവു് ആയിരുന്നു.

1972–ലെ വന്യമൃഗസംരക്ഷണ നിയമത്തിലുള്ള ഒന്നാംപട്ടികയിൽപ്പെടുത്തി ഇന്ത്യയിൽ പുലികൾക്കു് പൂർണ്ണമായ സംരക്ഷണം നല്കിയിട്ടുണ്ട്. അവയെ വേട്ടയാടുന്നതോ വില്ക്കുന്നതോ വാങ്ങുന്നതോ നിയമവിരുദ്ധമാകുന്നു. അന്താരാഷ്ട്രീയ സംരക്ഷണവും പുലികൾക്കു കൈവന്നിട്ടുണ്ട്—എത്രയും കുറഞ്ഞാലത്തെ ഭാഗ്യം!

23 ഫെബ്രുവരി, 1986

# 74. ഒറാങ്ങ് ഊട്ടാൻ

'ഒറാങ്ങ് ഊട്ടാൻ' എന്ന പദത്തുടർ മലായഭാഷയിൽ ഉള്ളതാണ്. കാട്ടിലെ മനുഷ്യൻ എന്നർത്ഥം. പുള്ളി യഥാർത്ഥത്തിൽ മനുഷ്യനല്ല; കുരങ്ങനാണ്. ഗോറില്ല, ചിമ്പാൻസി എന്നീ ആൾക്കുരങ്ങന്മാരുടെ പരമ്പരയിലാണ് ഒറാങ്ങ് ഊട്ടാൻെറ സ്ഥാനം. ഗോറില്ലയും ചിമ്പാൻസിയും ആഫ്രിക്കക്കാരാണ്. ഒറാങ്ങ് ഊട്ടാനെ ഇപ്പോൾ മലേഷ്യയിലെയും ഇൻഡോനേഷ്യയിലെയും കാടുകളിൽമാത്രമെ കണ്ടുവരുന്നുള്ളു—മുഖ്യമായും ബോർണിയോവിലും സുമാത്രയിലുമുള്ള ചതുപ്പുവനങ്ങളിൽ.

എഴുന്നേററുനിൽക്കുമ്പോൾ ഒറാങ്ങ് ഊട്ടാനു് മൂന്നുമുതൽ അഞ്ചുവരെ അടി ഉയരമുണ്ടാകും; നൂററമ്പതു മുതൽ ഇരുനൂറുവരെ റാത്തൽ ഭാരവും. കാലുകൾക്കു നീളം കുറവാണ്, ആ കുറവു് കൈകൾ പരിഹരിക്കുന്നു. താഴ്ത്തിയിട്ടാൽ കൈ കണങ്കാലിൽ തൊടും. പ്രായപൂർത്തിയെത്തിയ ആൺ ഒറാങ്ങ് ഊട്ടാൻ നെഞ്ചിൻെറ വശങ്ങളിലേക്കു കൈ നീട്ടിയാൽ വിരലററംമുതൽ വിരലററംവരെ നീളം (മാറടക്കം) ഏഴരയടിയോളം വരുമത്രെ. പെൺ ഒറാങ്ങ് ഊട്ടാനു് ആണിൻെറ പകുതി വലിപ്പമേ കാണൂ. യഥാർത്ഥത്തിൽ അർദ്ധാംഗിനി! പരുക്കൻ ചെന്തവിട്ടുരോമങ്ങൾ ആണിൻെറയും പെണ്ണിൻെറയും ഉടലാകെ മൂടിയിരിക്കും.

സാധാരണയായി ഒറാങ്ങ് ഊട്ടാൻ നിശ്ശബ്ദനും ശാന്തനുമാണ്. ആപത്തിൽപ്പെട്ടാലും ദേഷ്യപ്പെട്ടാലും ചീറിയലറിയെന്നുവരും. അധികസമയവും മരങ്ങളിലാണു് ഇരിപ്പെങ്കിലും നിലത്തു നടക്കാനും ഇഷ്ടക്കുറവില്ല. കൈകൾകൊണ്ടു് മരക്കൊമ്പുകളിൽ ശ്രദ്ധിച്ചു പിടിച്ചുതൂങ്ങിയാണ് കാട്ടിൽ സഞ്ചാരം. ഉറങ്ങുന്നതിനുവേണ്ടി ദിവസേന മരങ്ങളിൽ ഇരുപതുമുതൽ എൺപതുവരെ അടി ഉയരത്തിൽ ചില്ലകൾ ഒടിച്ചും ചായ്ച്ചും മെടഞ്ഞു് പ്ലാററ്ഫോംപോലെയുള്ള കൂടുണ്ടാക്കുന്നു. കിടക്കുമ്പോൾ ഇലകൾകൊണ്ടു പുതയ്ക്കുന്ന പതിവുമുണ്ട്. പഴങ്ങളും ഇലകളുമാണ് മുഖ്യഭക്ഷണം. രണ്ടുമുതൽ അഞ്ചുവരെ അംഗങ്ങളടങ്ങിയ കൂട്ടങ്ങളായി ജീവിക്കാനാണിഷ്ടം. ഈ അംഗങ്ങൾ ഒരുകൂട്ടത്തിൽനിന്നു വിട്ടു മറെറാന്നിൽ ചേരാറുമുണ്ട്. ചിലപ്പോൾ ഒററയ്ക്കു് ഒരു ഒറാങ്ങ് ഊട്ടാൻ കാട്ടിൽ സഞ്ചരിക്കുന്നതും കാണാം. എട്ടു വയസ്സിൽ പെണ്ണിനും പത്തു വയസ്സിൽ ആണി